**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2916** **25-06-2024 - ൽ മറുപടിയ്ക്ക്**

**മണികണ്ടൻ ചാൽ ചപ്പാത്ത് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ടൻ ചാൽ ചപ്പാത്തിൽ പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ വനംവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ടൻചാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 0.75 ഹെക്ടർ വനഭൂമി വിട്ടു കിട്ടുന്നതിന് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ്, എറണാകുളം, പരിവേഷ് പോർട്ടലിൽ FP/KL/Approach/148741/2021 നമ്പർ ഓൺലൈൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിൽ നിർമ്മിക്കേണ്ട പാലത്തിന്റെ നീളവും വീതിയും വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ യൂസർ ഏജൻസിയോട് ആയത് സമർപ്പിക്കുവാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ 03/06/2022 ൽ പരിവേഷ് പോർട്ടൽ മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് 07/03/2023 ലാണ് യൂസർ ഏജൻസി മറുപടി സമർപ്പിച്ചത്. ടി പദ്ധതി പ്രകാരം മുറിച്ച് മാറ്റേണ്ട 52 മരങ്ങൾ വിവിധ തരം പക്ഷികളുടെ നിവാസ കേന്ദ്രമായതിനാൽ ടി മരങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പിലാ ക്കുവാൻ സാധിക്കുമോ എന്ന് സർവ്വെ നടത്തി വിവരം അറിയിക്കുവാൻ യൂസർ ഏജൻസിയോട് 13/03/2023 ൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്ററ് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ യാതൊരു മറുപടിയും യൂസർ ഏജൻസി നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി വേഗത്തിൽ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 13/03/2023 ൽ യൂസർ ഏജൻസിയോട് ആവശ്യപ്പെട്ട വിവരം ലഭ്യമാകുന്ന മുറയ്ക്ക് വനം വകുപ്പിൽ നിന്ന് കേന്ദ്ര വനസംരക്ഷണ നിയമം നിഷ്കർഷിക്കുന്ന തരത്തിൽ മേൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ